മാതൃഭൂമി
05 March 2021

# കറുത്ത ഏരി വളർത്തലിൽ പെടയ്ക്കണ നേട്ടം

## വിത്തുത്പാദനത്തിനുള്ള സാങ്കേതികവിദ്യ സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ചു


കറുത്ത ഏരി

കൊച്ചി▸ രുചിയേറിയ കടൽമത്സ്യമായ കറുത്ത ഏരി ഇനി യഥേഷ്ടം വളർത്തി നേട്ടം കൊയ്യാം. ഇവയുടെ വിത്തുത്പാദനത്തിനുള്ള സാങ്കേതികവിദ്യ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) വിസിപ്പിച്ചു.

കിലോയ്ക്ക് 450 രൂപയോളം വിലയുള്ള ഈ മീനിന്റെ വിത്തുത്പാദനം സമുദ്രകൃഷി രംഗത്ത് വഴിത്തിരിവാകും.പെട്ടെന്നു വളരുന്ന കറുത്ത ഏരിക്ക് പ്രതികൂല കാലാവസ്ഥയെ അതിജീവിക്കാനുള്ള കഴിവും രോഗപ്രതിരോധ ശേഷിയുമുണ്ട്. മൂന്നുവർഷത്തെ ശ്രമഫലമായി കർണാടകയിലുള്ള കാർവാർ ഗവേഷണ കേന്ദ്രമാണ് വിത്തുത്പാദന സാങ്കേതികവിദ്യ വികസിപ്പിച്ചതെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. ഇവയുടെ കൃഷിരീതി ശാസ്ത്രീയമായി വികസിപ്പിക്കുകയാണ് അടുത്ത ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.